സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

മൂവാറ്റുപുഴ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഓവർസിയർ ഗ്രേഡ്-2 ആയി ജോലി നോക്കുന്ന റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ (n/c) ശ്രീ. കെ.എം. സ്വാമിയുടെ സേവനകാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 417/15/Est-1** നന്തൻകോട്, **06/03/2019**

---

പരാമർശം :- 1) 18-11-2015 ലെ മേൽ നമ്പർ ഉത്തരവ്.
2) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 31-10-2016 ലെ 3106 -ാം നമ്പർ ഉത്തരവ്.
3) 12-12-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.
4) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 04-02-2019 ലെ 218 -ാം നമ്പർ റിപ്പോർട്ട്.
5) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 21-02-2019 ലെ 370 -ാം നമ്പർ കത്ത്.

## ഉത്തരവ്

മരാമത്ത് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ചീഫ് എഞ്ചിനീയർ (ജനറൽ) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരാമത്ത് വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത സാങ്കേതിക പരിജ്ഞാനമുള്ള 15 പേരെ (ഒരു വർഷത്തേയ്ക്കോ പുതിയ നിയമനംവരെയോ ഏതാണൊ ആദ്യം വരുന്നത്) കോൺട്രാക്ട് അടിസ്ഥാനത്തിൽ (Last pay minimum pension subject to a maximum of Rs. 15,000/- pm) നിയമിക്കുന്നതിന് പരാമർശം 1 -ൽ ബോർഡുത്തരവായി.

ആയതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ ഓവർസിയർ ഗ്രേഡ് -2 തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ, ചീഫ് എഞ്ചിനീയർ (ജനറൽ) പരാമർശം 2 ഉത്തരവിൻപ്രകാരം നിയമിച്ച റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ (n/c) ആയ ശ്രീ. കെ.എം.സ്വാമിയുടെ കോൺട്രാക്ട് കാലയളവ് 31-10-2017 ൽ ഒരു വർഷം പൂർത്തിയാക്കി അവസാനിച്ചിരുന്നതും ടി തസ്തികയിൽ ഒഴിവുള്ളതിനാലും ടി ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും ടി ഉദ്യോഗസ്ഥന്റെ കോൺട്രാക്ട് കാലയളവ് ദീർഘിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ) ടെ ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എം.സ്വാമിയുടെ സേവനം 01-11-2017 മുതൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം (ഒരു വർഷത്തേക്കോ പുതിയ നിയമനം വരെയോ ഏതാണോ ആദ്യം വരുന്നത്) തുടരുന്നതിന് അനുവദിച്ച് ഉത്തരവായിരുന്നു (പരാമർശം - 3).

(മറുപുറം)

EDP

പ്രസ്തുത കോൺട്രാക്ട് കാലയളവ് 31-10-2018 ൽ അവസാനിച്ച തായും ടി ആഫീസിൽ ഓവർസിയർ ഗ്രേഡ് -2 തസ്തികയിൽ ഇപ്പോഴും ഒഴിവുള്ളതായും ടി ആഫീസിൽ ടെക്നിക്കൽ സംബന്ധമായ വളരെയേറെ ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതുള്ളതിനാൽ ടിയാന്റെ കോൺട്രാക്ട് കാലയളവ് നിലവിലെ വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിക്കണമെന്നും വിവരിച്ചുള്ള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ ശുപാർശ ലഭിച്ചു. (പരാമർശം - 4, 5).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

മൂവാറ്റുപുഴ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ ഓവർസിയർ ഗ്രേഡ് -2 തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ (n/c) ശ്രീ. കെ.എം.സ്വാമിയുടെ സേവനം 01-11-2018 മുതൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം (സ്ഥിര നിയമനം നടക്കുന്നതുവരെയോ, ഒരു വർഷത്തേക്കോ, ഏതാണോ ആദ്യം വരുന്നത്) തുടരുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ശ്രീ. കെ.എം. സ്വാമി, റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ (n/c), തിരുവിതാംകൂർ ദേവസ്വം ബോർഡ് - ചീഫ് എഞ്ചിനീയർ (ജനറൽ) മുഖേന
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം
7. അസിസ്റ്റന്റ് എഞ്ചിനീയർ, മൂവാറ്റുപുഴ
8. മരാമത്ത് സെക്ഷൻ, ബോർഡ് ആഫീസ്
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Reginald

അസിസ്റ്റന്റ് സെക്രട്ടറി

SK